بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**19-06-2026**

# ഉദാരമനസ്കനായ പ്രവാചകൻ(സ)

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَ رَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി:

നബി കരീം(സ)യുടെ ഔദാര്യത്തെയും ഉദാരമനസ്കതയെയും കുറിച്ച് ചില നിവേദനങ്ങൾ കൂടി ഞാൻ സമർപ്പിക്കുകയാണ്.

ഒരു നിവേദനത്തിൽ ഹദ്റത്ത് അബു സഈദ് അൽഖുദ്രി (റ) വിവരിക്കുന്നു:വല്ലതും തരണമെന്ന് അൻസാരികളിൽ പെട്ട ചില ആളുകൾ അല്ലാഹുവിന്റെ റസൂൽ(സ)യോട് ചോദിച്ചു. അവിടുന്ന് അവർക്ക് നൽകി. അവർ വീണ്ടും ചോദിച്ചു, അവിടുന്ന് വീണ്ടും നൽകി. അവർ പിന്നെയും ചോദിച്ചപ്പോൾ അപ്പോഴും അവിടുന്ന് നല്കി. ഒടുവിൽ തിരുമേനിയുടെ പക്കലുള്ളതെല്ലാം തീർന്നു. അവിടുന്ന് അരുളി: *എന്റെ പക്കലുള്ള ഏതൊരു ധനവും ഞാൻ ഒരിക്കലും നിങ്ങളിൽ നിന്ന് ഒളിച്ചുവെക്കുകയില്ല.യാചനയിൽ നിന്ന് ആരാണോ സ്വയം മാറിനിൽക്കുന്നത് അല്ലാഹു അവനെ സംരക്ഷിക്കുന്നതാണ്. ലൗകിക സമ്പത്തിൽ നിന്ന് ആരാണോ നിരാശ്രയത്വം ആഗ്രഹിക്കുന്നത്, അല്ലാഹു അവനെ പരാശ്രയമുക്തനാക്കുന്നതാണ്. സ്വാത്മാവിൽ നിർബന്ധം ചെലുത്തി ആരാണോ ക്ഷമ കൈക്കൊള്ളുന്നത്,അല്ലാഹു അവന് കൂടുതൽ ക്ഷമ പ്രദാനം ചെയ്യുന്നതാണ്. ക്ഷമയേക്കാൾഉത്തമവും വിപുലവുമായ മറ്റൊരു അനുഗ്രഹവും ആർക്കും തന്നെ നൽകപ്പെട്ടിട്ടില്ല.*

ഹദ്റത്ത് ഇബ്നു ഉമർ (റ) വിവരിക്കുന്നു: ഞങ്ങൾ നബി കരീം(സ)യോടൊപ്പം ഒരു യാത്രയിലായിരുന്നു. കുതിച്ചോടുന്ന ഒരു ഒട്ടകത്തിന്മേലായിരുന്നു ഞാൻ സവാരി ചെയ്തിരുന്നത്. അത് മറ്റു വാഹങ്ങളെ പിന്നിലാക്കി പാഞ്ഞുപോകുമായിരുന്നു. ഹദ്റത്ത് ഉമർ (റ) അതിനെ തടയുകയും ശകാരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.ഇത് കണ്ടപ്പോൾ റസൂൽ (സ)അരുളി: *ഈ ഒട്ടകത്തെ എനിക്ക് വിലയ്ക്ക് നൽകുക.* ഹദ്റത്ത് ഉമർ (റ) പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ, ഇത് അങ്ങയുടെ സ്വന്തം തന്നെയാണ്.' എന്നാൽ നബി കരീം(സ) അരുളി: ഇത് എനിക്ക് വിറ്റുകൊള്ളുക. അങ്ങനെ അദ്ദേഹം ആ ഒട്ടകത്തെ അങ്ങേയ്ക്ക് വിറ്റു. തുടർന്ന് നബി കരീം (സ) അരുളി: ഓ അബ്ദുല്ലാഹി ബിൻ ഉമർ! ഇനി മുതൽ ഈ ഒട്ടകം നിന്റേതാണ്. ഇനി ഇതുകൊണ്ട് നീ ഉദ്ദേശിക്കുന്നത് എന്തോ അത് ചെയ്തുകൊള്ളുക.

ഹുസൂർ അൻവർ അരുളി: ഉപഹാരം നൽകുന്നതിനും ഒരു രീതിയുണ്ട്. മൃഗമാകുമ്പോൾ അത് മറ്റുള്ളവരെ കടന്ന് പാഞ്ഞുപോയാൽ അതിൽ തെറ്റൊന്നുമില്ലെന്നും അവിടുന്ന് മനസ്സിലാക്കിക്കൊടുത്തു. ഇപ്പോൾ ഈ ഒട്ടകം റസൂൽ (സ)വിലയ്ക്ക് വാങ്ങിക്കഴിഞ്ഞ സ്ഥിതിക്ക്, ഇനി അത് മറ്റുള്ളവയ്ക്ക് മുന്നിലായി ഓടിയാൽപ്പോലും ദൈവദൂതരുടെ (സ) ഒട്ടകമാണ് മുന്നിലായതെന്ന് മാത്രമേ പറയപ്പെടുകയുള്ളൂ.

മറ്റൊരു നിവേദനത്തിൽ,ഒരു യുദ്ധവേളയിൽ ഹദ്റത്ത് ജാബിർ (റ)ന്റെ ഒട്ടകം ക്ഷീണിക്കുകയും നടക്കാൻ മടി കാണിക്കുകയും ചെയ്തതുമൂലം അദ്ദേഹം സൈന്യത്തിന് പിന്നിലായിപ്പോയി. നബി(സ) അദ്ദേഹത്തിന്റെ അരികിലെത്തുകയും സുഖവിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു. ഹദ്റത്ത് ജാബിർ (റ) ഒട്ടകത്തിന്റെ ക്ഷീണത്തെക്കുറിച്ച് പറഞ്ഞു. നബി കരീം(സ) തന്റെ

പക്കലുണ്ടായിരുന്ന വടികൊണ്ട് ആ ഒട്ടകത്തെ ഒന്ന് തട്ടിയ ശേഷം അരുളി: *ഇനി ഇതിന്മേൽ സവാരി ചെയ്തുകൊള്ളൂ.* ഹദ്റത്ത് ജാബിർ (റ) പറയുന്നു, 'ഞാൻ അതിന്റെ പുറത്ത് കയറി. അത് എത്രത്തോളം വേഗതയുള്ളതായി മാറിയെന്നാൽ, നബികരീം(സ)യുടെ വാഹനത്തെപ്പോലും അത് പിന്നിലാക്കി. അപ്പോൾ എനിക്ക് അതിനെ പിടിച്ചുനിർത്തേണ്ടി വന്നു! തുടർന്ന് എന്നോട് നബികരീം (സ) ചോദിച്ചു: *താങ്കൾ നിക്കാഹ് കഴിച്ചുവോ?*

ഞാൻ പറഞ്ഞു: അതേ. അവിടുന്ന് അരുളി: *നോക്കൂ, താങ്കൾ വീട്ടിലെത്താറായിരിക്കുന്നു. വീട്ടിലെത്തുമ്പോൾ വിവേകത്തോടും ജാഗ്രതയോടും കൂടി പെരുമാറണം. വീട്ടിൽ നല്ല രീതിയിൽ പെരുമാറ്റമാറുക.*

ശേഷം അവിടുന്ന് ചോദിച്ചു: *താങ്കളുടെ ഈ ഒട്ടകത്തെ എനിക്ക് വിൽക്കുമോ?.* ഞാൻ സമ്മതം അറിയിച്ചപ്പോൾ അവിടുന്ന് ഒരു ഔഖിയ്യ വെള്ളിക്ക് അത് എന്നിൽ നിന്നും വാങ്ങി. തുടർന്ന് റസൂൽ കരീം (സ) എനിക്ക് മുമ്പേ മദീനയിലെത്തി. ഞാൻ അടുത്ത ദിവസം രാവിലെയാണ് എത്തിയത്. അവിടുന്ന് അരുളി: *താങ്കളുടെ ഒട്ടകത്തെ ഇവിടെ നിർത്തി പള്ളിയിൽ പോയി രണ്ട് റക്അത്ത് നമസ്കരിക്കുക.* അങ്ങനെ ഞാൻ പള്ളിയിൽ പോയി നമസ്കരിച്ചു. ശേഷം അവിടുന്ന് ഹദ്റത്ത് ബിലാൽ (റ)നോട് അരുളി: *ഇദ്ദേഹത്തിന് ഒരു ഔഖിയ്യ വെള്ളി തൂക്കി നൽകുക.*

ഹദ്റത്ത് ബിലാൽ (റ) ത്രാസ് അല്പം താഴ്ത്തിപ്പിടിച്ചുകൊണ്ട് (അതായത് അല്പം കൂടുതൽ) തൂക്കി നൽകി. ഞാൻ തിരികെ നടക്കാൻ തുടങ്ങിയപ്പോൾ അവിടുന്ന് അരുളി: *ജാബിറിനെ എന്റെയടുത്തേക്ക് വിളിക്കൂ.*

അദ്ദേഹംവന്നപ്പോൾ അവിടുന്ന് അരുളി: *താങ്കളുടെ ഒട്ടകം താങ്കൾ തന്നെ എടുത്തുകൊള്ളുക, അതിന്റെ വിലയും താങ്കൾക്കുള്ളത് തന്നെയാണ്!*

ഹദ്റത്ത് ജാബിർ (റ) പറയുന്നു, റസൂൽ കരീം (സ) നൽകിയ ആ ഉപഹാരത്തിൽ എത്രത്തോളം ബർക്കത്തുണ്ടായെന്നാൽ, ആ ഒട്ടകം ഹദ്റത്ത് ഉമർ (റ)ന്റെ ഭരണകാലം വരെ ജീവിച്ചിരുന്നു.

അവിടുത്തെ മാതൃകയും അവിടുത്തെ സൽക്കരണവും അവിടുത്തെ പരിശുദ്ധമായ ആത്മീയ ചൈതന്യവും എല്ലാ സ്വഹാബാക്കളിലും സ്വാധീനം ചെലുത്തിയിരുന്നു. ഹദ്റത്ത് ഖദീജ (റ)യിലും സ്വാധീനം ചെലുത്തിയിരുന്നു; അതുകൊണ്ടുതന്നെയാണ് യാതൊരുവിധ ദാരിദ്ര്യ ഭയവുമില്ലാതെ അവർ തന്റെ സമ്പത്ത് മുഴുവൻ അങ്ങയുടെ പക്കൽ സമർപ്പിച്ചത്.

അതുമായി ബന്ധപ്പെട്ട് ഇപ്രകാരം വിവരിക്കപ്പെടുന്നു: ഒരിക്കൽ റസൂൽ കരീം (സ) ഹദ്റത്ത് ഖദീജ(റ)യുടെ അടുക്കൽ വന്നു, അവിടുന്ന് അല്പം ചിന്താകുലനായിരുന്നു. ഹദ്റത്ത് ഖദീജ (റ) അങ്ങയോട് ചോദിച്ചു: എന്തുണ്ടായി?അവിടുന്ന് അരുളി: *ഇപ്പോൾ വരൾച്ചയുടെയും ക്ഷാമത്തിന്റെയും കാലമാണ്. ഞാൻ ഈ ധനം ചിലവഴിച്ചാൽ നിന്റെ സമ്പത്ത് തീർന്നുപോകുമല്ലോ എന്നോർത്ത് എനിക്ക് നിന്നോട് ലജ്ജ തോന്നുന്നു; അതേസമയം ഞാൻ ഇത് ചിലവഴിക്കാതിരുന്നാൽ ദൈവത്തെ ഭയപ്പെടുകയും ചെയ്യുന്നു.*

ഹദ്റത്ത് അബൂബക്കർ (റ) വിവരിക്കുന്നു, ഇത് കേട്ടയുടൻ ഖദീജ (റ) ദീനാറുകൾ പുറത്തെടുത്ത് അവിടെ കുന്നുകൂട്ടാൻ തുടങ്ങി. ധനത്തിന്റെ ആധിക്യം കാരണം എന്റെ മുന്നിൽ ആരാണ് ഇരിക്കുന്നത് എന്ന് കാണാൻ പോലും എനിക്ക് സാധിക്കാത്ത വിധം വലിയ കൂമ്പാരമായി അതു മാറി! തുടർന്ന് ഹദ്റത്ത് ഖദീജ (റ) പറഞ്ഞു: 'താങ്കൾ സാക്ഷിയായിരിക്കുക, ഈ സമ്പത്ത് മുഴുവൻ ഇനി മുതൽ നബിതിരുമേനി(സ)യുടേതാണ്. അവിടുന്ന് ഇഷ്ടാനുസരണം ഇത് ചിലവഴിച്ചുകൊള്ളട്ടെ. അവിടുന്ന് ഉദ്ദേശിക്കുന്നുവെങ്കിൽ ഇത് തന്റെ പക്കൽ തന്നെ സൂക്ഷിച്ചുവെക്കട്ടെ.' അങ്ങയുടെ ആകുലതകൾ ദൂരീകരിക്കാൻ വേണ്ടി 'അങ്ങ് ധൈര്യമായി ചിലവഴിച്ചുകൊള്ളുക' എന്ന് പറഞ്ഞുകൊണ്ട് അവർ ആ ധനമത്രയും തിരുമേനിക്ക് നൽകി.

ഒരാൾ അല്ലാഹുവിന്റെ റസൂൽകരീം(സ)യുടെ സന്നിധിയിൽ ഹാജരായി എന്തോ ആവശ്യപ്പെട്ടു. അവിടുന്ന് അരുളി: *എന്റെ പക്കൽ ഇപ്പോൾ യാതൊന്നുമില്ല. നീ എന്റെ പേരിൽ സാധനങ്ങൾ വാങ്ങിക്കൊള്ളുക, എന്റെ പക്കൽ എന്തെങ്കിലും വരുമ്പോൾ ഞാൻ അതിന്റെ വില നൽകിക്കൊള്ളാം.*

ഇത് കേട്ടപ്പോൾ ഹദ്റത്ത് ഉമർ (റ) പറഞ്ഞു: 'യാ റസൂലല്ലാഹ് (സ)! അവിടുന്ന് മുമ്പും അയാൾക്ക് നൽകിയിട്ടുള്ളതാണല്ലോ. അങ്ങയുടെ കഴിവിന് അതീതമായ കാര്യങ്ങളിൽ അല്ലാഹു അങ്ങയെ ഉത്തരവാദിയാക്കിയിട്ടില്ല.' നബിതിരുമേനി

(സ)ക്ക് ഹദ്റത്ത് ഉമർ (റ)ന്റെ ആ വാക്ക് ഒട്ടുംഇഷ്ടപ്പെട്ടില്ല. അപ്പോൾ അൻസാരികളിൽ പെട്ട ഒരാൾ ഇപ്രകാരം പറഞ്ഞു: യാ റസൂല ല്ലാഹ് (സ)! അവിടുന്ന് ഉദാരമായി ചിലവഴിച്ചു കൊള്ളുക, അർശിന്റെ നാഥനായ ദൈവത്തിൽ നിന്നും ദാരിദ്ര്യം ഉണ്ടാകുമെന്ന് ഒട്ടും ഭയപ്പെടേ ണ്ടതില്ല. ആ അൻസാരിയുടെ ഈ വാക്ക് കേട്ടപ്പോൾ പ്രവാചകൻ(സ) പുഞ്ചിരിക്കുകയും അവിടുത്തെ തിരുമുഖത്ത് സന്തോഷം കളിയാ ടുകയും ചെയ്തു. അവിടുന്ന് അരുളി: *ഇതു തന്നെയാണ് എന്നോട് കൽപ്പിക്കപ്പെട്ടിട്ടുള്ളതും.*

മറ്റൊരു സന്ദർഭത്തിൽ ഒരു സ്വഹാബി നബി കരീം(സ)ക്ക് കുറച്ച് ഈത്തപ്പഴവും വെള്ള രിക്കയും ഉപഹാരമായി സമർപ്പിച്ചു. അതേസ മയം തന്നെ ബഹ്റൈനിൽ നിന്നും കുറച്ച് സ്വർ ണ്ണാഭരണങ്ങൾ അവിടുത്തെ പക്കൽ എത്തിച്ചേ ർന്നിട്ടുണ്ടായിരുന്നു. നബി കരീം (സ) ആ ഈത്ത പ്പഴത്തിനും വെള്ളരിക്കക്കും പകരമായി ഒരു പിടി സ്വർണ്ണാഭരണങ്ങൾ തന്നെ അയാൾക്ക് ദാനമായി നൽകി!

കടബാധ്യതയോടെ മരണപ്പെടുകയും അത് വീട്ടാനായി യാതൊരു സമ്പത്തും അവശേ ഷിപ്പിക്കാതിരിക്കുകയും ചെയ്യുന്ന ഒരാളെ ക്കുറിച്ച് നബി കരീം(സ) മുസ്‌ലീങ്ങളോട് ഇപ്ര കാരം കൽപ്പിക്കുമായിരുന്നു: *നിങ്ങൾ നിങ്ങ ളുടെ സഹോദരന്റെ ജനാസ നമസ്കാരം നിർവ്വ ഹിച്ചുകൊള്ളുക.* അവിടുന്ന് അരുളാറുണ്ടാ യിരുന്നു: *ഞാൻ മുസ്‌ലീങ്ങൾക്ക് അവരുടെ സ്വന്തം ബന്ധുക്കളേക്കാളും ഏറ്റവും അടുത്തവ നാകുന്നു. അതിനാൽ സത്യവിശ്വാസികളിൽ ആരെങ്കിലും മരണപ്പെടുകയും കടം ബാക്കി വെക്കുകയും ചെയ്താൽ അത് വീട്ടുക എന്നത് എന്റെ ഉത്തരവാദിത്തമാണ്; എന്നാൽ ആരെങ്കിലും സമ്പത്ത് അവശേഷിപ്പിച്ചിട്ടു ണ്ടെങ്കിൽ അത് അവന്റെ അനന്തരാവകാശികൾ ക്കുള്ളതുമാണ്.*

നബി കരീം(സ)യുടെ കടം വീട്ടുന്നതുമായി ബന്ധപ്പെട്ട് ഹദ്റത്ത് ബിലാൽ (റ) നിവേദനം ചെയ്ത വിശദമായ ഒരു സംഭവം ഹുസൂർ അൻവർ വിവരിക്കുകയുണ്ടായി. അതിൽ അല്ലാഹു തികച്ചും അസാധാരണമായ രീതിയിലാണ് തന്റെ സന്നിധിയിൽ നിന്നും കടം വീട്ടാനുള്ള വഴി ഒരുക്കിക്കൊടുത്തത്. കടമെല്ലാം വീടിത്തീ ർന്നപ്പോൾ റസൂൽ കരീം(സ) അരുളി: *ഓ ബിലാൽ! കടം വീട്ടിയതിന് ശേഷം ബാക്കിവന്ന ധനം കൂടി നീ പാവങ്ങൾക്കായി ചിലവഴിക്കുക.* (അതുവരെ) അവിടുന്ന് ആ രാത്രി വീട്ടിൽ പോ കാതെ പള്ളിയിൽ തന്നെ ചെലവഴിച്ചു. പിറ്റേന്ന് അന്വേഷിച്ചപ്പോൾ, ധനമെല്ലാം ചിലവഴിച്ചു എന്ന് ഹദ്റത്ത് ബിലാൽ (റ) ഉണർത്തിച്ചു; അപ്പോൾ അവിടുന്ന് അല്ലാഹുവിനെ സ്തുതി ക്കുകയും അവന്റെ മഹത്വം പ്രകീർത്തിക്കുകയും ചെയ്തു. അതിനുശേഷമാണ് തന്റെ പത്നി മാരുടെ അടുക്കലേക്ക് പോയത്.

ഹദ്റത്ത് ഇബ്നു ഉമർ (റ) വിവരിക്കുന്നു: ഹദ് റത്ത് സുബൈർ (റ)ന്റെ കുതിര എത്രത്തോളം ദൂരം ഓടുന്നുവോ അത്രത്തോളം സ്ഥലം അദ്ദേഹത്തിന് ഭൂസ്വത്തായി നൽകാൻ അല്ലാ റസൂൽ കരീം (സ) കൽപ്പിച്ചു. കുതിര ഓടി നിന്നപ്പോൾ ഹദ്റത്ത് സുബൈർ (റ) തന്റെ ചമ്മട്ടി ദൂരേക്ക് എറിഞ്ഞു, അത് കുറച്ചുകൂടി മുന്നോട്ട് പോയി വീണു. അപ്പോൾ റസൂൽ കരീം(സ) അരുളി: *അദ്ദേഹത്തിന്റെ ചമ്മട്ടി ചെന്നു വീണ അത്രയും ദൂരത്തോളം സ്ഥലം അദ്ദേഹത്തിന് നൽകുക.*

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: **ഒരിക്കൽ നബി കരീം(സ)തന്റെ വീട്ടിൽ വന്ന് ഇവിടെ എന്താണുള്ളതെന്ന് ചോദിച്ചു. ഹദ്റ ത്ത് ആയിശ (റ) രണ്ട് സ്വർണ്ണ നാണയങ്ങൾ പുറത്തെടുത്തു നൽകിക്കൊണ്ട് ഇത്രയേ ഉള്ളൂ എന്ന് പറഞ്ഞു. നബി കരീം(സ) ആ സ്വർണനാ ണയങ്ങൾ തന്റെ ഉള്ളംകൈയിൽ വെച്ചുകൊണ്ട് അരുളി: തനിക്ക് പിന്നിൽ രണ്ട് സ്വർണനാണ യങ്ങൾ ബാക്കിവെച്ച് മരണപ്പെടുന്ന ഒരു പ്രവാ ചകന്റെ അവസ്ഥ എന്തായിരിക്കും! ശേഷം ആ നിമിഷം തന്നെ അവിടുന്ന് ആ സ്വർണ്ണ നാണയങ്ങൾ വിതരണം ചെയ്തു.**

ഹുനൈൻ യുദ്ധത്തിൽ അയ്യായിരമോ ആറാ യിരമോ വരുന്ന സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന അടിമകൾ , ഇരുപത്തിനാലായിരം ഒട്ടകങ്ങൾ, നാൽപ്പതിനായിരത്തിലധികം ആടു കൾ, 490 കിലോഗ്രാം വെള്ളി എന്നിവ യുദ്ധ മുതലായി ലഭിക്കുകയുണ്ടായി. നവമുസ്‌ലീ ങ്ങളെ സന്തോഷിപ്പിച്ചുകൊണ്ടാണ് നബി കരീം (സ) യുദ്ധമുതൽ വിതരണം ചെയ്യാൻ ആരംഭിച്ചത്. ഇവർ അറേബ്യയിലെ പ്രമുഖരായ ആളുകളായിരുന്നു, തങ്ങളുടെ ഗോത്രങ്ങളിൽ വലിയ ആദരവും പദവിയും ഉള്ളവരുമായിരുന്നു. അവരെ ഇസ്‌ലാമിലേക്ക് കൂടുതൽ അടുപ്പിക്കു ന്നതിനായി അവിടുന്ന് അവർക്ക് ഉപഹാരങ്ങൾ

നല്കി. ഈ സന്ദർഭത്തിൽ നബി കരീം (സ)അബൂ സുഫ്‌യാനും അദ്ദേഹത്തിന്റെ പുത്രന്മാർക്കും എത്രത്തോളം ധനം നൽകിയെന്നാൽ അതു കണ്ട് അബു സുഫ്‌യാൻ വികാരാധീനനായി ഇപ്രകാരം വിളിച്ചുപറഞ്ഞു: യാ റസൂലല്ലാഹ് (സ)! അവിടുന്ന് അതീവ ഉദാരമതിയാണ് . എന്റെ മാതാപിതാക്കൾ അങ്ങേക്ക് തെണ്ടമായിരിക്കട്ടെ! ഞാൻ അങ്ങയോട് യുദ്ധങ്ങൾ ചെയ്തിട്ടുണ്ട്, അവിടുന്ന് എത്ര മികച്ചൊരു യോദ്ധാവാണ്! ഞാൻ അങ്ങയോട് സമാധാന സന്ധി ചെയ്തിട്ടുണ്ട്, അവിടുന്ന് എത്ര മികച്ച രീതിയിൽ സന്ധി ചെയ്യുന്നവനുമാണ്!

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു:

**നബി കരീം(സ)യുടെ പക്കൽ വളരെയധികം ആടുകളുണ്ടായിരുന്നു. ഇത് കണ്ട ഒരു അവിശ്വാസി ഇപ്രകാരം പറഞ്ഞു: കൈസറിന്റെയോ കിസ്റയുടെയോ പക്കൽ പോലും ഇല്ലാത്ത അത്രയും വലിയൊരു ആട്ടിൻകൂട്ടം അങ്ങയുടെ പക്കൽ ഉണ്ടല്ലോ! അവിടുന്ന് ആ നിമിഷം തന്നെ ആ ആടുകളെ മുഴുവൻ അയാൾക്ക് സമ്മാനമായി നൽകി. ഒരു പ്രവാചകനല്ലാതെ മറ്റാർക്കും ഇത്രയും മഹത്തായ ഉദാരത കാണിക്കാൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ അയാൾ ഉടൻ തന്നെ ഇസ്ലാം സ്വീകരിച്ചു.**

ഹുനൈൻ യുദ്ധദിവസം ഒരു സ്ത്രീ വരികയും ചില കവിതാശകലങ്ങൾ ചൊല്ലുകയും ചെയ്തു. ബനൂ ഹവാസിൻ ഗോത്രത്തിൽ നബി കരീം (സ) ചിലവഴിച്ച മുലകുടി പ്രായത്തിലെ ദിനങ്ങളെക്കുറിച്ചായിരുന്നു ആ വരികൾ. ആ കവിത കേട്ടയുടൻ നബി കരീം(സ) ബനൂ ഹവാസിൻ ഗോത്രത്തിന്റേതായി പിടിച്ചെടുത്തിരുന്ന യുദ്ധ മുതലുകൾ മുഴുവൻ അവർക്ക് തിരികെ നൽകി; അതോടൊപ്പം അഞ്ച് ലക്ഷം ദിർഹം മൂല്യം വരുന്ന കൂടുതൽ ധനവും അവർക്ക് സമ്മാനമായി നൽകുകയുണ്ടായി!

നബി കരീം(സ)യുടെ ഉദാത്തമായ സ്വഭാവഗുണങ്ങളെക്കുറിച്ച് വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു:

അവിടുത്തെ സ്വഭാവങ്ങളിൽ തികഞ്ഞ സന്തുലനം കാണപ്പെട്ടിരുന്നു. എല്ലാ സ്വഭാവഗുണങ്ങളും അവയുടേതായ കൃത്യമായ സ്ഥാനത്തും സന്ദർഭത്തിലുമാണ് പ്രകടമായിരുന്നത്. ഈ ഉദാത്തമായ സ്വഭാവങ്ങളിൽ അവിടുത്തെ ഉദാരത, ത്യാഗസന്നദ്ധത, കാരുണ്യം ഇവയെല്ലാം തികച്ചും അനുയോജ്യമായ സന്ദർഭങ്ങളിൽ മാത്രമായിരുന്നു പ്രകടമായിരുന്നത്.

ഹുസൂർ അൻവർ അരുളി: നബി കരീം(സ)യുടെ അധ്യാപനങ്ങൾ പോലെ തന്നെ അവിടുത്തെ ഓരോ പ്രവൃത്തിയും സന്തുലിതമായിരുന്നു. നബി കരീം(സ)യുടെ ജീവിത ചരിത്രത്തിലെ എല്ലാ വശങ്ങളെക്കുറിച്ചും ആഴത്തിൽ ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും അല്ലാഹു തആല നമുക്ക് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَآءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَآءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 19.06.2026

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY HARIF MOHAMMED BM

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516